DESPA
On 6/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 516*(2)/2022*/*എസ്.ഐ.സി***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **17761** /*എസ്.ഐ.സി-ജി 6/22*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഗോപകുമാർ,
ലളിതം, ടെമ്പിൾ ലെയിൻ,
ചിറ്റാഴ, വട്ടപ്പാറ,
പിൻ - 695 020.** — **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
കൺട്രോളർ ഓഫ് ഫോംസ്,
ഗവ.സെൻട്രൽ പ്രസ്,
തിരുവനന്തപുരം.** — **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.05.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.11.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 25.11.2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.ഗോപകുമാർ പി., 25.11.2022ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.516(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 28.05.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) നമ്പർ PTGD/103/2022/E2 ഫയൽ തുടങ്ങിയത് മുതൽ നാളിതുവരെയുള്ള കുറിപ്പ്/നടപ്പ് ഫയൽ എന്നിവയുടെ പകർപ്പ് ലഭ്യമാക്കണമെന്നും ടി പകർപ്പുകൾ പേജുകൾ ലഭ്യമാക്കുന്നതിന് 100/- രൂപ അടച്ചതിന്റെ ചെലാൻ ഇതിനോടൊപ്പം ഹാജരാക്കുന്നുവെന്നും ടി തുകയെക്കാൾ കൂടുതലാകുന്നെങ്കിൽ അറിയിക്കുന്ന പക്ഷം അടക്കുന്നതാണെന്നുമാണ്.

2) തിരുവനന്തപുരം സർക്കാർ നിർമ്മാണ ശാലയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ഷീജ വി.വി. മണ്ണന്തല ഗവ.പ്രസ്സിലെ സീനിയൽ സൂപ്രണ്ട് ശ്രീമതി പ്രിയ എസ്. നായർക്ക് എതിരെ 07.03.2022ൽ സമർപ്പിച്ച പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നാണ്. ടി ഫയൽ ഗവ.സെൻട്രൽ പ്രസ്സിലെ GCPE2 ജെ/എസ്, എസ്.എസ്., എ.ഒ, ഡി.പി. എന്നിവർക്ക് സമർപ്പിച്ച തീയതികൾ വ്യക്തമാക്കണമെന്നുമാണ്.(ഓരോരുത്തർക്കും സമർപ്പിച്ച തീയതി അറിയിക്കേണ്ടതാണ്)

4. എതിർകക്ഷി 19.12.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 13.12.2022ൽ മറുപടി നൽകിയിട്ടുണ്ടെന്നും ചില സാങ്കേതിക കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ മറുപടി നൽകുവാൻ കഴിയാത്തതിനാൽ ക്ഷമ ചോദിക്കുന്നുവെന്നും അപേക്ഷ, അപ്പീൽ അപേക്ഷ, അപേക്ഷകന് നൽകിയ മറുപടി എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നുവെന്നുമാണ്.

5. 25.02.2023 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ച് നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരന്റെ പ്രതിനിധിയായി ടിയാന്റെ ഭാര്യ ഹാജരായിരുന്നു. എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ടി കാലതാമസം ഗുരുതരമാകയാൽ പരാമർശിതകാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15

ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Ge/